ചവറ മിനറൽസ് ആൻറ് മെറൽസ് ഫാക്ടറി പരിസരത്ത് കാണപ്പെട്ട സ്ഫോടക വസ്തുക്കൾ

* 296 [355] ശ്രീ. തോപ്പിൽ രവി :
,, ജി. കാർത്തികേയൻ :
,, പി. പി. തങ്കച്ചൻ :
,, കെ. സി. ജോസഫ് :
,, രാഘവൻ പൊഴക്കടവിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈയിടെ ചവറ മിനറൽസ് ആൻറ് മെറൽസ് ഫാക്ടറി പരിസരത്ത് കാണപ്പെട്ട സ്ഫോടക വസ്തുക്കളെപ്പറ്റി അന്വേഷണം നടത്തുകയുണ്ടായോ ;

(ബി) ഇതു സംബന്ധിച്ച് ലഭിച്ച വിവരങ്ങൾ വെളിപ്പെടുത്തുമോ ?

ആഭ്യന്തര വകുപ്പുമന്ത്രി (ശ്രീ. വയലാർ രവി) :

(എ) അന്വേഷണം നടത്തിവരുന്നു.

(ബി) അന്വേഷണത്തിലിരിക്കുന്ന കേസിൻറെ വിശദവിവരങ്ങൾ പറയാൻ നിർവാഹമില്ല.

ഭൂമിയുടെ വിലകുറച്ച് രജിസ്റ്റർ ചെയ്യുന്ന നടപടി

* 297 [356] ശ്രീ. കെ. കൃഷ്ണൻകുട്ടി :
,, എ. വി. താമരാക്ഷൻ :
,, ആർ. എസ്. ഉണ്ണി :
,, എ. സി. ഷൺമുഖദാസ് :
,, സിറിയക് ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഭൂമിയും മറ്റും കൈമാറ്റം ചെയ്യുമ്പോൾ അവയുടെ വില കുറച്ചു രജിസ്റ്റർ ചെയ്യുന്നതിൻറെ ഫലമായി രജിസ്ട്രേഷൻ ഫീസ് കുറയുന്നതായി ഗവൺമെൻറിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിൻമേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) സ്വീകരിച്ച നടപടികളെപ്പറ്റി വിശദീകരണം നൽകാമോ ;

(ഡി) 1984-85 ൽ രജിസ്ട്രേഷൻ ഫീസ് ഇനത്തിൽ ഗവൺമെൻറിൻറെ വരുമാനം എത്രയാണ് ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. എ. എൽ. ജേക്കബ്) :

(എ) ഉണ്ട്.

(ബി, സി) വസ്തുവിന് വിലകുറച്ചു കാണിക്കുന്ന പ്രവണത തടഞ്ഞ് മര്യാദ വില നിശ്ചയിക്കുന്നതിന് ചില മാനദണ്ഡങ്ങൾ നിർദ്ദേശിക്കാൻ റവന്യൂബോർഡ് മെമ്പർ ശ്രീ. സക്കറിയാ മാത്യുവിനെ ഒരു

LIBRARY ARCHIVES Kerala Legislative Assembly

കമ്മീഷനായി നിയമിച്ചു. കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിലുള്ള നിർദ്ദേശങ്ങൾ ഗവൺമെന്റിന്റെ പരിഗണനയിലിരിക്കുകയാണ്. വസ്തുവിന് മര്യാദ വില നിശ്ചയിക്കുവാൻ വേണ്ട നടപടി സ്വീകരിക്കുന്നതിന് കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കേരളാ സ്റ്റാമ്പ് ആക്ടിലും രജിസ്ട്രേഷൻ ഫീസ് പട്ടികയിലും അനിർവാര്യമായ മാറ്റം വരുത്തുന്നതാണ്.

(ഡി) 7,50,63,483.96 രൂപ.

ഒരു വർഷത്തിലധികം പഴക്കമുള്ള അരി

* 298 [357] ശ്രീ. ടി. വി. വിജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ക്ഷേമവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിവിൽ സപ്ലൈസ് ഗോഡൗണുകളിൽ ഒരു വർഷത്തിലധികം പഴക്കമുള്ള എത്ര അരി സ്റ്റോക്കുണ്ട് ;

(ബി) ഇവ വിലകുറച്ച് വിറ്റഴിക്കുവാൻ നടപടി എടുക്കുമോ ?

ക്ഷേമവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. യു. എ. ബീരാൻ) :

(എ) 30-6-1985-ൽ 13,196 ടൺ അരി സ്റ്റോക്കുണ്ട്.
(ബി) വില കുറച്ചാണ് വിറ്റുവരുന്നത്.

മോട്ടോർ ആക്സിഡന്റ് ട്രിബ്യൂണലുകൾ

* 299 [358] ശ്രീ. കെ. കെ. നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ മോട്ടോർ ആക്സിഡന്റ് ക്ലെയിം കേസുകൾ കൈകാര്യം ചെയ്യാൻ എത്ര ട്രിബ്യൂണലുകളുണ്ട് ;

(ബി) ഓരോ ട്രിബ്യൂണലുകളിലും പെൻഡിംഗ് കേസുകളെത്ര ;

(സി) ഈ കേസുകൾ എത്രയും വേഗം തീർക്കാൻ നടപടികൾ കൈക്കൊള്ളുമോ ?

ആഭ്യന്തര വകുപ്പുമന്ത്രി (ശ്രീ. വയലാർ രവി) :

(എ) പത്ത്.

(ബി)

തിരുവനന്തപുരം	..	1944
കൊല്ലം	..	1582
ആലപ്പുഴ	..	1442
കോട്ടയം	..	1400
എറണാകുളം	..	2269
തൃശ്ശൂർ	..	1508
പാലക്കാട്	..	163
മഞ്ചേരി	..	580
കോഴിക്കോട്	..	1292
തലശ്ശേരി	..	922

(സി) പെൻഡിംഗ് കേസുകൾ കഴിയുന്നത്രവേഗം തീർക്കാൻ ആവശ്യമായ നടപടികൾ ട്രിബ്യൂണലുകൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly